പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2458

18.12.2012 ൽ
മറുപടിക്ക്

## ജീവനക്കാർക്കുള്ള പരിശീലനം

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും<br>വകുപ്പ് മന്ത്രി) |

(എ) ഇ-ജില്ല പദ്ധതി എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുക യെന്ന് വിശദമാക്കാമോ;

(എ) റവന്യൂ വകുപ്പിന്റെ താഴെ ചേർത്തിരിക്കുന്ന 23 സേവനങ്ങളാണ് ഇപ്പോൾ ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ലഭ്യമാക്കുന്നത്.

1. ജാതി സർട്ടിഫിക്കറ്റ്
2. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
3. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
4. റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
7. സോൾവൻസി സർട്ടിഫിക്കറ്റ്
8. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
9. ഡൊമിസിൽ സർട്ടിഫിക്കറ്റ്
10. വരുമാന സർട്ടിഫിക്കറ്റ്
11. കൈവശാവകാശ സർട്ടിഫിക്കറ്റ്
12. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
13. കൈവശാവകാശവും നോൺ-അറ്റാച്ച് മെന്റും സർട്ടിഫിക്കറ്റ്
14. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്
15. ലൈഫ് സർട്ടിഫിക്കറ്റ്
16. വാല്യൂവേഷൻ സർട്ടിഫിക്കറ്റ്
17. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
18. ഒരേ വ്യക്തിയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
19. മത/ജാതി പരിവർത്തന സർട്ടിഫിക്കറ്റ്
20. അഗതി സർട്ടിഫിക്കറ്റ്
21. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
22. ആശ്രിതനെന്ന സർട്ടിഫിക്കറ്റ്
23. പുനർവിവാഹം നടത്തിയിട്ടില്ലെന്ന സർട്ടിഫിക്കറ്റ്

(ബി) ഇ-ജില്ല പദ്ധതിയുടെ നടത്തിപ്പിന് വേണ്ടി ഏതെല്ലാം വകുപ്പിലെ ജീവനക്കാർക്കാണ് പരിശീ

(ബി) ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ റവന്യൂ വകുപ്പിന്റെ 23 സേവനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥരായ വില്ലേജ്

ലനം നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

അസിസ്റ്റന്റ്, സ്പെഷ്യൽ വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസർ, അഡീഷണൽ താലൂക്ക് ഓഫീസർ, താലൂക്ക് ഓഫീസർ എന്നിവർക്കാണ് ഇപ്പോൾ പരിശീലനം നൽകി വരുന്നത്. ഇ-ഡിസ്ട്രിക്ട് പദ്ധതി മറ്റു ജന സമ്പർക്ക വകുപ്പുകളിലേയ്ക്കു വ്യാപിപ്പിക്കുന്ന മുറയ്ക്ക് ആ വകുപ്പിലെ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്ന താണ്.

(സി) ഇ-ജില്ല പദ്ധതി മുഴുവൻ ജില്ലകളിലും നടപ്പാക്കുന്നതിന് എത്ര കാലമെടുക്കുമെന്ന് വിശദമാക്കാമോ ;

(സി) ഇ-ഡിസ്ട്രിക്ട് പദ്ധതി സംസ്ഥാനതലത്തിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പൈലറ്റ് അടിസ്ഥാനത്തിൽ കണ്ണൂർ, പാലക്കാട് ജില്ലകളിലാണ് ഈ പദ്ധതി തുടക്കം കുറിച്ചത്. തുടർന്ന് മലപ്പുറം, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ഈ പദ്ധതി ആരംഭിച്ചു. മറ്റു ജില്ലകളിലേക്കും ഈ പദ്ധതി പൂർണ്ണതോതിൽ വ്യാപിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ